(ബി) മലബാർ മേഖലയിൽ മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ പ്ലസ് വൺ സീറ്റുകൾ കുറവാണ്.

(സി) നടപ്പിലാക്കിയിട്ടില്ല. നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യപ്പെടുന്ന സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ച് സീറ്റ് കൂട്ടുവാൻ അനുമതി നൽകിയിട്ടുണ്ട്. ഓപ്പൺ സ്കൂൾ വഴിയും ഹയർ സെക്കണ്ടറി പഠനത്തിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്

(ഇ) അന്തിമ തീരുമാനമായിട്ടില്ല.

മൂവാറ്റുപുഴ താലൂക്കിൽ പ്ലസ് ടു കോഴ്സ്

94 (3848) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ താലൂക്കിൽ പ്ലസ് ടു കോഴ്സ് നിലവിലല്ലാത്ത ഏതെല്ലാം പഞ്ചായത്തുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പഞ്ചായത്തുകളിൽ/പ്ലസ് ടു കോഴ്സ് സർക്കാർ/എയ്ഡഡ് മേഖലകളിൽ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താലൂക്ക് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമല്ല. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ മാറാടി, വാളകം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്ലസ് ടു സ്കൂളുകൾ ഇല്ല.

(ബി) തത്ക്കാലം പരിഗണനയിലില്ല.

പ്ലസ് വൺ പരീക്ഷാഫലം വൈകുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്

95 (3849) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലത്തിൽ 2009-10 വർഷത്തെ പ്ലസ് വൺ പൊതു പരീക്ഷ നടത്തിയതെപ്പോഴാണ് ; മൂല്യ നിർണ്ണയം നടത്തിയതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ

(ബി) പ്ലസ് വൺ പരീക്ഷാഫലം വൈകുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലസ് വൺ മൂല്യ നിർണ്ണയം കഴിഞ്ഞിട്ടും ഫലം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തത് എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്ലസ് വൺ പരീക്ഷാഫലം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010 മാർച്ച് 15 ഏപ്രിൽ 5 മുതൽ ആരംഭിച്ച രണ്ടാം വർഷ പരീക്ഷാ മൂല്യ നിർണ്ണയം പൂർത്തിയായ മുറയ്ക്ക് ഒന്നാം വർഷ പരീക്ഷയുടെ മൂല്യ നിർണ്ണയം ആരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) 9-7-2010-ന് പരീക്ഷാഫലം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

പുതിയാപ്പ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കോഴ്സുകൾ

96 (3850) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഫിഷറീസുമായി ബന്ധപ്പെട്ട കോഴ്സുകളും, സയൻസ് കോഴ്സുകളും ആരംഭിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കന്ററി വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

വയനാട് ജില്ലയിൽ അനുവദിച്ച ഹയർ സെക്കൻണ്ടറി സ്കൂളുകൾ

97 (3851) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചു ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly